പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.995

29.9.2011ൽ
മറുപടിക്ക്

## പട്ടയങ്ങൾ കൈമാറ്റം ചെയ്യുവാനുള്ള നടപടി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള : | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) വനഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയങ്ങൾ കൈമാറ്റം ചെയ്യുവാനുള്ള നിയമം കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) വനഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയങ്ങൾ കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച് കേരള ഭൂപതിവ് ചട്ടങ്ങൾ 1993ലെ ചട്ടം 15 നിലവിലുണ്ട്. ചട്ടം 15(1) പ്രകാരമുള്ള വ്യവസ്ഥ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾക്ക് മുൻകാലപ്രാബല്യം നൽകുന്നതുസംബന്ധിച്ച ബില്ല് നിയമസഭയിൽ അവതരിപ്പിക്കുകയും ആയത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വനഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയം കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള നിയമം വിശദീകരിക്കാമോ ; | (ബി) വനഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയം കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള നിയമം കേരള ഭൂപതിവ് ചട്ടങ്ങൾ 1964പ്രകാരവും 24/1/2009ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരവുമാണ്. |
| (സി) പട്ടയം കൈമാറ്റം ചെയ്യുന്നതിനുള്ള കർശന നിയമം കാരണം അവകാശികൾക്കുപോലും വിഹിതം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി)ഇതുസംബന്ധിച്ച നിയമഭേദഗതി സഭയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ